യോടും പിൻവലിക്കുവാൻ സർക്കാരിന് വിരോധമില്ലെന്ന് കാണിച്ച്, അതാത് ജില്ലാകളക്ടർമാർക്ക് കത്ത് നൽകാറുണ്ട്. ഗവൺമെന്റ് പ്ലീഡർമാർ ഈകേസ്സുകൾ പിൻവലിക്കുന്നതിന് അനുമതി പത്രം കോടതികളിൽ സമർപ്പിക്കുന്നു. കോടതികളുടെ . അനുമതി ലഭിച്ചതിനുശേഷം മാത്രമേ പിൻവലിക്കാൻ പ്രക്രിയ പൂർത്തിയാകുന്നുള്ളൂ.

(സി) ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

(ഡി) ചോദ്യത്തിന്റെ ബി വിഭാഗത്തിനു നൽകിയ മറുപടികൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 173 കേസുകളുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ജി) മുഖ്യമന്ത്രിയുടെ ആഫീസിൽ ജോലിചെയ്യുന്ന ആരിൽ നിന്നും കേസ് പിൻവലിക്കാൻ അപേക്ഷ ലഭിച്ചിട്ടില്ല.

പബ്ലിക് പ്രോസിക്യൂട്ടർ തുടർച്ചയായി കേസ് മാറ്റി വയ്പിക്കുന്ന തായി പരാതി

105(846) ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വലിത്തല സഹകരണ ബാങ്കിൽ കൊപ്ര കച്ചവടം സംബന്ധിച്ച് തൊടുപുഴ കോടതിയിൽ നിലവിലുള്ള സി.ഡി. 358/96 നംപർ കേസിന്റെ വിചാരണയ്ക്ക് തുടർച്ചയായി പബ്ലിക് പ്രോസിക്യൂട്ടർ അവധി ആവശ്യപ്പെട്ട് കേസ് മാറ്റി വയ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി സർക്കാരിനുവേണ്ടി ഹാജരാകുന്ന പബ്ലിക് പ്രോസിക്യൂട്ടറോട് കേസ് തുടർച്ചയായി മാറ്റി വയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കേസിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന പബ്ലിക് പ്രോസിക്യൂട്ടർ ആരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

പിൻവലിക്കാൻ അനുമതി നൽകാത്ത കേസുകൾ

106(847) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതികളിൽ നിലവിലിരുന്ന കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അവ പിൻവലിക്കുവാൻ കോടതികൾ അനുമതി നൽകാത്ത കേസുകളിൽ എത്ര എണ്ണത്തിൽ ബന്ധപ്പെട്ട പ്രതികൾ ശിക്ഷിക്കപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly